**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3345 — 10.12.2018- ൽ മറുപടിയ്ക്ക്

**പുതിയ പദ്ധതികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| ചാലക്കുടി സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റ്, പെട്രോൾ-ഗ്യാസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനും, ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ? | ചാലക്കുടിയിൽ സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റ്, പെട്രോൾ ഗ്യാസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചാലക്കുടി ട്രഷറിയ്ക്ക് എതിർവശമുള്ളതും വിദ്യാഭ്യാസ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ ' ആസ്റ്റിൻ നഗരം പുറമ്പോക്കിന്റെ ' സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് താലൂക്ക് സർവ്വെയർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വെ നടത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>ചാലക്കുടിയിൽ ഫയർ ഫോഴ്സ് ഓഫീസ് നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് മെക്കാനിക്കൽ സബ് ഡിവിഷന്റെ കൈവശത്തിലുള്ള 20 സെന്റ് സ്ഥലം അനുവദിക്കുന്നതിലേയ്ക്കായി സ്കെച്ച് തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർ താലൂക്ക് സർവ്വെയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും സർവ്വെ നടത്തിയിട്ടുള്ളതുമാണ്. |

Indu.G.S
**സെക്ഷൻ ഓഫീസർ**